(സി) ആലപ്പുഴ, ഇരിങ്ങാലക്കുട, പത്തനംതിട്ട, വയനാട്, എന്നീ പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകളുടെ പ്രവർത്തന പരിധിയിലുള്ള കുട്ടനാട്, കൊടുങ്ങല്ലൂർ, റാന്നി, സുൽത്താൻബത്തേരി എന്നീ പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകളുടെ ആസ്തി ബാദ്ധ്യതകളാണ് ഇനി വിജ്ഞിക്കുവാൻ പരിഗണനയിലുള്ളത്.

(ഡി) വിജ്ഞിക്കുവാൻ പോകുന്ന പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകളിൽ പുതുതായി നിയമനങ്ങൾക്ക് അനുമതി നൽകിയിട്ടില്ല.

ആർട്ടിസ്റ്റുകൾക്ക് ക്ഷേമനിധി ഏർപ്പെടുത്തുന്നതിന് നടപടി

*7 [319] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആർട്ട് വർക്ക് ചെയ്ത് ജീവിക്കുന്ന ഡിസൈനർ, മോൾഡർ, പെയിന്റർ, ചിത്രകാരൻ, ശില്പി എന്നീ വിഭാഗം തൊഴിലാളികൾക്ക് ഏതെങ്കിലും ക്ഷേമനിധി ബാധകമാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഈ വിഭാഗത്തിൽപ്പെട്ടവർക്ക് പെൻഷൻ നൽകുന്നുണ്ടോ;

(സി) ഈ വിഭാഗക്കാർക്ക് പ്രത്യേകമായി ക്ഷേമനിധിയും പെൻഷനും ഏർപ്പെടുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) എങ്കിൽ വിശദവിവരം ലഭ്യമാക്കാമോ?

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ): (എ) ഈ വിഭാഗം തൊഴിലാളികൾക്ക് മാത്രമായി നിലവിൽ ഒരു പ്രത്യേക ക്ഷേമനിധി ഇല്ലാത്തതിനാൽ അസംഘടിത തൊഴിലാളികൾക്കായുള്ള കേരള കൈത്തൊഴിലാളി വിദഗ്ദ്ധ തൊഴിലാളി ക്ഷേമപദ്ധതിയിൽ ഇവർക്ക് അംഗങ്ങളാകാവുന്നതാണ്.

(ബി) ഈ വിഭാഗം തൊഴിലാളികൾക്ക് പെൻഷൻ നൽകുന്നില്ല. എന്നാൽ ചിത്രകല, ശിൽപകല തുടങ്ങിയ കലകളിൽ വ്യക്തിമുദ്ര പതിപ്പിച്ചിട്ടുള്ള കലാകാരൻമാർക്ക് സാംസ്ക്കാരിക കാര്യ വകുപ്പ് മുഖാന്തിരം നടപ്പാക്കിവരുന്ന കേരള സംസ്ഥാന കലാകാര പെൻഷൻ പദ്ധതി അനുസരിച്ച് പെൻഷൻ നൽകുന്നുണ്ട്.

(സി, ഡി) കലാകാരൻമാർക്ക് ക്ഷേമനിധി ഏർപ്പെടുത്തുന്ന കാര്യം സാംസ്കാരിക കാര്യ വകുപ്പിന്റെ പരിഗണനയിലാണ്. ഈ വിഭാഗത്തിൽ വരുന്ന തൊഴിലാളികൾക്കുകൂടി ക്ഷേമനിധി ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് സർക്കാരിന്റെ പരിഗണനയിലുള്ള 2005-ലെ കേരള ഷോപ്പ്സ് ആൻഡ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി നിയമത്തിൽ വ്യവസ്ഥയുണ്ട്.

കൊച്ചിയിലെ ഇറാലിയൻ ഫാഷൻ സിറ്റിയുടെ പ്രവർത്തനം

*8 [320] പ്രൊഫ. കെ. വി. തോമസ്:
ശ്രീ. ലൂഡി ലൂയിസ്:
,, വി. ഡി. സതീശൻ:
,, എം. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) കൊച്ചിയിലെ ഇറാലിയൻ ഫാഷൻ സിറ്റിയുടെ പ്രവർത്തനം ആരംഭിച്ചുവോ; ഇല്ലെങ്കിൽ എന്നേക്ക് ഇത് പ്രവർത്തനസജ്ജമായിത്തീരും;

(ബി) ഇവിടേക്ക് എത്ര വിദേശ വ്യവസായികൾ എത്തിച്ചേരും; ഈ ഫാഷൻ സിറ്റിയിൽ എന്ത് തുകയുടെ നിക്ഷേപം ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു എന്നറിയിക്കുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്)

(എ) ആരംഭിച്ചിട്ടില്ല. കൊച്ചിയിൽ കിൻഫ്ര പുതുതായി ഏറ്റെടുത്തു കൊണ്ടിരിക്കുന്ന 104 ഏക്കർ ഭൂമിയിൽ ഒരു ഫാഷൻ സിറ്റി സ്ഥാപിക്കുന്നതിനായി ഇറാലിയിലെ ലിബർട്ടി ഗ്രൂപ്പുമായി ചർച്ചകൾ നടക്കുകയുണ്ടായി. പ്രസ്തുത പദ്ധതിയുടെ സാദ്ധ്യതാ പഠനം നടത്തിയതിനു ശേഷമേ നിക്ഷേപ തീരുമാനമുണ്ടാകുകയുള്ളൂയെന്നതിനാൽ എന്നേക്ക് പ്രവർത്തനസജ്ജമാകുമെന്ന് ഇപ്പോൾ പറയാൻ നിർവ്വാഹമില്ല.

(ബി) ആകെ എത്ര വ്യവസായികളുണ്ടാവുമെന്ന് ഇപ്പോൾ പറയാനാവില്ല: ഫാഷൻ സിറ്റിയുടെ പ്രാരംഭ ഘട്ടത്തിൽ ഏതാണ്ട് 150 കോടി രൂപയിൽ കൂടുതൽ നിക്ഷേപമുണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ബിസിനസ് ടു ബിസിനസ് മീറ്റ്

*9 [321] പ്രൊഫ. സാവിത്രി ലക്ഷ്മണൻ:
ശ്രീ. സി. പി. മുഹമ്മദ്:
,, പി. ടി. തോമസ്:
,, ജി. പ്രതാപവർമ്മ തമ്പാൻ:
,, പ്രൊഫ. എ. ഡി. മുസ്തഫ:

താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആദ്യമായി ബിസിനസ് ടു ബിസിനസ് മീറ്റ് നടന്നതെന്നായിരുന്നു;

(ബി) അതിൽ അന്യ സംസ്ഥാനങ്ങളിൽനിന്നും വിദേശ രാജ്യങ്ങളിൽനിന്നും എത്രപേർ പങ്കെടുത്തു;

(സി) ഈ മീറ്റിന്റെ ഫലമായി ലഭിച്ച വ്യാപാരാന്വേഷണങ്ങളിൽ എത്രയെണ്ണത്തിന് ഓർഡർ ലഭിച്ചു; എന്തു തുകയ്ക്കുള്ള ഓർഡർ ലഭിക്കുകയുണ്ടായി എന്ന് വെളിപ്പെടുത്തുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ്);

(എ) 2004 ഫെബ്രുവരി മാസം 19-ാം തീയതി മുതൽ 21-ാം തീയതി വരെ സംസ്ഥാനത്ത് ആദ്യമായി എറണാകുളത്തുവച്ച് ബിസിനസ് ടു ബിസിനസ് മീറ്റ് നടന്നു.

(ബി) പ്രസ്തുത മീറ്റിൽ അന്യ സംസ്ഥാനങ്ങളിൽനിന്ന് 218 പേരും വിദേശ രാജ്യങ്ങളിൽനിന്ന് 41 പേരും വിദേശ എംബസി കോൺസുലേറ്റിൽനിന്ന് 19 പേരും പങ്കെടുത്തു.

LIBRARY ARCHIVES Kerala Legislative Assembly